"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർ നിർമ്മാണം - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(കൈ) നം.8/2026/PWD തിരുവനന്തപുരം, തീയതി,23-01-2026

---

പരാമർശം:- 1. 04.03.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.99/2025/DMD

2. 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ

3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 27.11.2025 തീയതിയിലെ CEPWD/16012/2022-AB4-BR നമ്പർ കത്ത്.

<u>ഉത്തരവ്</u>

വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം 3800 ലക്ഷം രൂപയുടെ ഭരണാനുമതി ദുരന്ത നിവാരണ വകുപ്പ് നൽകിയിട്ടുണ്ടായിരുന്നു. (Under the Scheme for Special Assistance to States for Capital Investment 2024-25 (Part I – SASCI) for reconstruction of disaster-affected area , and the fund for the subject work has been included in the same).

2) ഡിസൈൻ പ്രകാരം വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ ആകെ നീളം 267.95 മീറ്റർ ആണ്. ഇതിൽ ഏകദേശം 100 മീറ്റർ നീളമുള്ള ഒരു ബോസ്ട്രിംഗ് ആർച്ച് സ്പാൻ ഉൾപ്പെടുന്നു. ഈ പ്രവൃത്തി 30-08-2025 തീയതിയിൽ ടെണ്ടർ ചെയ്തിരുന്നു. എന്നാൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. അതിനാൽ പ്രവൃത്തി 24.09.2025 തീയതിയിൽ വീണ്ടും ടെണ്ടർ ചെയ്തു. റീ-ടെണ്ടറിംഗിലും

ഒരേയൊരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ടെണ്ടറിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

| EPAC | Quoted PAC | Current SoR + 10% | LMR PAC |
|---|---|---|---|
| 31,42,07,968/- | 33,96,59,365/- | 34,56,28,765/- | 32,91,91,353/- |

3) കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ വിസ്സമ്മതിച്ചു. പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക പരിമിതികൾ കാരണം, സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ ചില പ്രത്യേക നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിനുള്ള ആവശ്യകത, പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളെ നേരിടുന്നതിനുള്ള നടപടികൾ, കൂടാതെ **100** മീറ്റർ നീളമുള്ള കുറഞ്ഞത് ഒരു സിംഗിൾ-സ്പാൻ പാലമെങ്കിലും നിർമ്മിച്ച മുൻ പരിചയം കരാറുകാരന് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ എന്നിവ ഉൾപ്പെടുന്നു. പ്രവൃത്തിയുടെ അടിയന്തരാവസ്ഥ, **SASCI Seheme**, ഫണ്ട് കൃത്യസമയത്ത് ചിലവഴിക്കേണ്ടതായുള്ള സാഹചര്യം എന്നിവ പരിഗണിച്ച് ടെണ്ടർ എക്സ്സ് അംഗീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച രണ്ടാമത്തെ ടെണ്ടറിൽ **ULCCS Ltd** ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് **PAC** തുകയായ **31,42,07,968/-** രൂപയെക്കാൾ **8.10%** വർദ്ധനവുള്ളതും , എൽ.എം.ആർ തുകയായ **32,91,91,353/-** രൂപയെക്കാൾ **3.17%** വർദ്ധനവുള്ളതും, **DSOR+10%** തുകയായ **34,56,28,765/-** രൂപയെക്കാൾ **1.75%** കുറവുള്ളതുമായ **33,96,59,365/-** രൂപയുടെ (മുപ്പത്തി മൂന്ന് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) ടെണ്ടർ പരാമർശം **(2)** ഉത്തരവിലെ ഖണ്ഡിക **5**, ഉപഖണ്ഡിക **5** ൽ പരാമർശിച്ചിരിക്കുന്ന **'quoted**

rate/LMR or DSoR 2018+10% whichever is less' എന്ന വ്യവസ്ഥയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 3577 തീയതി 21.1.2026)

ധനകാര്യവകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - D1/683/2025-PWD

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 23-01-2026 13:30:21

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. ഡി1/683/2025/പൊ.മ.വ. ഇനം നം: 3577

വിഷയം : പൊതുമരാമത്ത് വകുപ്പ് - വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർനിർമ്മാണം - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3977

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി1/683/2025/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർ നിർമ്മാണം - ടെണ്ടർ എക്സ്സ്- നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.01.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | നിത എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ . ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.01.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.01.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s ULCCS Ltd സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ച കുറിപ്പാണിത്.

2) വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്കായി 04.03.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.99/2025/DMD ഉത്തരവ് പ്രകാരം 3800 ലക്ഷം രൂപയുടെ ഭരണാനുമതി ദുരന്ത നിവാരണ വകുപ്പ് നൽകിയിട്ടുണ്ടായിരുന്നു (Under the Scheme for Special Assistance to States for Capital Investment 2024-25 (Part I – SASCI) for reconstruction of disaster-affected area , and the fund for the subject work has been included in the same). 10.06.2025 തീയതിയിലെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ Order No. PWD/BR/EST_TS/22401/2024_5_1_1 പ്രകാരം ടി പ്രവൃത്തിയ്ക്കായി 3800 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടായിരുന്നു.

3) ഡിസൈൻ പ്രകാരം വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ ആകെ നീളം 267.95 മീറ്റർ ആണ്. ഇതിൽ ഏകദേശം 100 മീറ്റർ നീളമുള്ള ഒരു ബോസ്ട്രിംഗ് ആർച്ച് സ്പാൻ ഉൾപ്പെടുന്നു. ഈ പ്രവൃത്തി 30-08-2025 തീയതിയിൽ ടെണ്ടർ ചെയ്തിരുന്നു. എന്നാൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. അതിനാൽ പ്രവൃത്തി 24.09.2025 തീയതിയിൽ വീണ്ടും ടെണ്ടർ ചെയ്തു. റീ-ടെണ്ടറിംഗിലും ഒരേയൊരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ടെണ്ടറിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

| EPAC | Quoted PAC | Current SoR + 10% | LMR PAC - |
|---|---|---|---|
| 31,42,07,968/- | 33,96,59,365 /- | 34,56,28,765/- | 32,91,91,353/- |

കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ വിസ്സമ്മതിച്ച പ്രസ്തുത ബിഡ് എമൗണ്ട് 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ അപ്രൂവൽ കമ്മിറ്റിയ്ക്ക് അംഗീകരിക്കാനാകുന്ന പരിധിയ്ക്ക് പുറത്തുള്ളതുമായതിനാൽ ടെണ്ടർ സർക്കാർ തലത്തിൽ അംഗീകരിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

4) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക പരിമിതികൾ കാരണം, സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ ചില പ്രത്യേക നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിനുള്ള ആവശ്യകത , പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളെ നേരിടുന്നതിനുള്ള നടപടികൾ , കൂടാതെ 100 മീറ്റർ നീളമുള്ള കുറഞ്ഞത് ഒരു സിംഗിൾ-സ്പാൻ പാലമെങ്കിലും നിർമ്മിച്ച മുൻ പരിചയം കരാറുകാരന് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ എന്നിവ ഉൾപ്പെടുന്നു. പ്രവൃത്തിയുടെ അടിയന്തരാവസ്ഥ , SASCI Sceheme ഫണ്ട് കൃത്യസമയത്ത് ചിലവഴിക്കേണ്ടതായുള്ള സാഹചര്യം എന്നിവ

പരിഗണിച്ച് ടെണ്ടർ അംഗീകരിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5) വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച രണ്ടാമത്തെ ടെണ്ടറിൽ ULCCS Ltd ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC തുകയായ 31,42,07,968/- രൂപയെക്കാൾ 8.10% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയായ 32,91,91,353/- രൂപയെക്കാൾ 3.17% വർദ്ധനവുള്ളതും, DSOR+10% തുകയായ 34,56,28,765/- രൂപയെക്കാൾ 1.75% കുറവുള്ളതുമായ 33,96,59,365/- രൂപയുടെ ടെണ്ടർ , 04/052019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന 'quoted rate/LMR or DSoR 2018+10% whichever is less' എന്ന വ്യവസ്ഥയിൽ ഇളവ് നൽകി, അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

*"If the contractor is unwilling to reduce the rate and AD feels that further tendering after recasting of estimate also may not yield a better response,AD may be advised to submit the tender excess proposal of the work "Reconstruction of Chooralmala bridge connecting Meppadi to Mundakkai and Attamala in Wayanad District", for a quoted PAC of Rs.33,96,59,365.09/- which is 8.10 % above estimate PAC of ₹ 31,42,07,968/- to the Council of Ministers for approval."*

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വയനാട് ജില്ലയിലെ ചൂരൽമല പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച രണ്ടാമത്തെ ടെണ്ടറിൽ ULCCS Ltd ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC തുകയായ 31,42,07,968/- രൂപയെക്കാൾ 8.10% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയായ 32,91,91,353/- രൂപയെക്കാൾ 3.17% വർദ്ധനവുള്ളതും, DSOR+10% തുകയായ 34,56,28,765/- രൂപയെക്കാൾ 1.75% കുറവുള്ളതുമായ 33,96,59,365/- രൂപയുടെ (മുപ്പത്തി മൂന്ന് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ ടെണ്ടർ ; 04/052019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന 'quoted rate/LMR or DSoR 2018+10% whichever is less' എന്നതിൽ ഇളവ് വരുത്തിക്കൊണ്ട് അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?